LIBRARY ARCHIVES Kerala Legislative Assembly

സമ്പത്തിന്റെ കസ്റ്റഡി മരണം സംബന്ധിച്ചുള്ള വിശദാംശം

47(252) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പത്തിന്റെ കസ്റ്റഡി മരണം സംബന്ധിച്ച സിബിഐ. സംഘത്തിന്റെ അന്വേഷണത്തിൽ മേലുദ്യോഗസ്ഥർ ഇടപെടൽ നടത്തിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ ഇടപെട്ട മേലുദ്യോഗസ്ഥരുടെ പേരു വിവരം വെളിപ്പെടുത്തുമോ ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സി.ബി.ഐ.-യുടെ അന്വേഷണ സംഘത്തിന് സ്വതന്ത്രമായി അന്വേഷണം നടത്താൻ മതിയായ സംരക്ഷണം ഉറപ്പു വരുത്താൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. WP(C) നമ്പർ 13426/2010-ൽ 24-1-2011-ൽ പുറപ്പെടുവിച്ച ഉത്തരവിലാണ് ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ബഹു. ഹൈക്കോടതി നടത്തിയത്.

(ബി) പ്രസ്തുത കേസ്സ് ഇപ്പോൾ സി.ബി.ഐ. അന്വേഷിച്ചു വരുന്നതു കൊണ്ടും, ഹൈക്കോടതിയിലെ കേസ്സ് സി. ബി.ഐ. ഫയൽ ചെയ്തതായുള്ളതുകൊണ്ടും വിശദവിവരങ്ങൾ ലഭ്യമല്ല.

(സി) ബഹു. ഹൈക്കോടതിയുടെ 24-01-2011-ലെ WP(C) 13426/2010 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സുരക്ഷ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സമ്പത്തിന്റെ കസ്റ്റഡി മരണത്തെക്കുറിച്ചുള്ള അന്വേഷണം

48 (253) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് സമ്പത്തിന്റെ കസ്റ്റഡി മരണത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നത് സംബന്ധിച്ച ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിക്കെതിരെ അപ്പീൽ നല്കുന്നതിനുള്ള പ്രൊപ്പോസൽ ഏതു വകുപ്പിന്റേത് ആയിരുന്നു എന്ന് വ്യക്തമാക്കുമോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഹൈക്കോടതി തീരുമാനം എതിർക്കാനുള്ള കാരണം വ്യക്തമാക്കുമോ ;